## പതിനാലാം കേരള നിയമസഭ അഞ്ചാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 4516
## - 18.05.2017-ന് മറുപടി നൽകേണ്ടത്

<u>**പത്തനാപുരം മണക്കാല വിളയിൽ ഹോസ്പിറ്റലിന് കെ.എഫ്.സി. നല്കിയ വായ്പ**</u>

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. ജോൺ ഫെർണാണ്ടസ്** | **ഡോ. റ്റി.എം. തോമസ് ഐസക്,<br>ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി** |
| എ. | കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്ക് തലവൂർ വില്ലേജിലെ മണക്കാല വിളയിൽ ഹോസ്പിറ്റൽ എന്ന സ്ഥാപനം കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പ എടുത്തിരുന്നോ; എങ്കിൽ എന്നായിരുന്നു എന്നും തുക എത്രയായിരുന്നു എന്നും വിശദമാക്കുമോ; | ശ്രീമതി മേരിക്കുട്ടി ബേബി, മഞ്ഞക്കാലവിളയിൽ വീട്, മഞ്ഞക്കാല പി.ഒ. തലവൂർ, പത്തനാപുരം എന്നയാളിന് മഞ്ഞക്കാലവിളയിൽ ഹോസ്പിറ്റൽ എന്ന സ്ഥാപനം തുടങ്ങുന്നതിന് 26/03/2002 ൽ കോർപ്പറേഷൻ 28.00 ലക്ഷം രൂപ അനുവദിച്ചു. അവ താഴെ വിവരിക്കും പ്രകാരം വിതരണം ചെയ്തിട്ടുള്ളതാണ്.<br><br>04.02.2002 - 5.50 ലക്ഷം രൂപ<br>08.05.2002 - 7.00 ലക്ഷം രൂപ<br>06.07.2002 - 3.00 ലക്ഷം രൂപ<br>14.08.2002 - 1.78 ലക്ഷം രൂപ<br>21.10.2002 - 7.00 ലക്ഷം രൂപ<br>05.12.2002 - 3.72 ലക്ഷം രൂപ<br>---------------------------<br>**ആകെ - 28.00 ലക്ഷം രൂപ** |
| ബി. | പ്രസ്തുത സ്ഥാപനം ഈ വായ്പയ്ക്ക് നൽകിയത് ഈടോ, ജാമ്യമോ എന്നത് വ്യക്തമാക്കാമോ; പ്രസ്തുത ജാമ്യത്തിന്റെയോ ഈടിന്റെയോ മൂല്യം എത്രയായിരുന്നു; | വായ്പയ്ക്ക് ഈടായി തലവൂർ വില്ലേജിൽ സർവ്വെ നമ്പർ 388/3-1 ൽ പ്പെട്ട 4.34 ആർസ് സ്ഥലവും ആശുപത്രി കെട്ടിടവും മറ്റ് ഉപകരണങ്ങളും പ്രാഥമിക സെക്യൂരിറ്റി ആയി നൽകിയിട്ടുള്ളതാണ്. ടി സെക്യൂരിറ്റിയ്ക്ക് കണക്കാക്കിയിട്ടുള്ള മൂല്യം 30.11 ലക്ഷം രൂപയാണ്.<br>കൂടാതെ ജാമ്യ വസ്തുവായി വായ്പക്കാരിയുടെ ഭർത്താവും വായ്പയുടെ ജാമ്യക്കാരനും പരേതനുമായ ശ്രീ. യോഹന്നാൻ ബേബിക്കുട്ടിയുടെ പേരിലുള്ള തലവൂർ വില്ലേജിൽ സർവ്വെ നമ്പർ 387/2-3 ൽ പ്പെട്ട 8.87 ആർസ് സ്ഥലവും വീടും ജാമ്യമായി നൽകിയിട്ടുള്ളതാണ്. അവയുടെ മൂല്യം 37.87 ലക്ഷം രൂപയാണ് |

<table>
<tr><td>സി.</td><td>പ്രസ്തുത സ്ഥാപനം ഈ വായ്പയിന്മേൽ മുതലിലേയ്ക്കും പലിശയിലേയ്ക്കും എത്ര തുക വീതം അടയ്ക്കണമെന്ന് വ്യക്തമാക്കാമോ;</td><td>01.12.2013 ലെ കണക്കു പ്രകാരം (കോംപ്രമൈസ് സെറ്റിൽമെന്റിനായി അപേക്ഷ പരിഗണിക്കുന്ന സമയത്ത്) അടയ്ക്കുവാനുള്ള തുക ചുവടെ ചേർക്കുന്നു.<br>മുതൽ - 28.00 ലക്ഷം<br>മറ്റിനം - 2.96 ലക്ഷം<br>പലിശ - 118.72 ലക്ഷം<br>-------------------------<br>ആകെ - 149.68 ലക്ഷം</td></tr>
<tr><td>ഡി.</td><td>പ്രസ്തുത വായ്പ കോംപ്രമൈസ് സെറ്റിൽമെന്റ് പദ്ധതി പ്രകാരം തീർപ്പാക്കിയോ; ഇതുപ്രകാരം കെ.എഫ്.സി.യ്ക്ക് ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;</td><td>ജാമ്യക്കാരനായ യോഹന്നാൻ ബേബിക്കുട്ടിയുടെ അപേക്ഷ പ്രകാരം 24.03.2014 ൽ കൂടിയ കോർപ്പറേഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി 10.50 ലക്ഷം രൂപ അടച്ച് നിബന്ധനകൾക്ക് വിധേയമായി കോംപ്രമൈസ് സെറ്റിൽമെന്റ് അനുവദിച്ച് നൽകിയിട്ടുള്ളതും, അതിൻ പ്രകാരം ടിയാൻ 10.50 ലക്ഷം രൂപ അടച്ച് വായ്പ സെറ്റിൽ ചെയ്തിട്ടുള്ളതുമാണ്. എന്നാൽ നിയമാനുസൃതം സർക്കാരിലേയ്ക്ക് ഒടുക്കു വരുത്തേണ്ട ആർ.ആർ. കമ്മീഷനും മറ്റും നാളിതുവരെയായി അടച്ചിട്ടില്ലാത്തതാകുന്നു.</td></tr>
<tr><td>ഇ.</td><td>ഈ വായ്പയുടെ ജാമ്യ വസ്തു റവന്യൂ റിക്കവറി നടപടി ക്രമം പ്രകാരം ലേലം ചെയ്ത ശേഷം കൺഫർമേഷൻ ചെയ്തിട്ടുണ്ടോ; ഈ ഇനത്തിൽ കെ.എഫ്.സി. യ്ക്ക് ലഭിച്ച തുക എത്രയെന്ന് പറയാമോ; പ്രസ്തുത സ്ഥാപനത്തിന്റെ വായ്പാ തിരിച്ചടവ്, കോംപ്രമൈസ് സെറ്റിൽമെന്റ് അടവ്, ജാമ്യവസ്തു ലേലം ചെയ്ത് ലഭിച്ച തുക എന്നീ ഇനങ്ങളിലായി കെ.എഫ്.സി.യ്ക്ക് ലഭിച്ച തുക എത്ര;</td><td>ആർ.ആർ. ലേല വിൽപന സ്ഥിരപ്പെടുത്തിയിട്ടുള്ളതാണ്. ലേല തുകയായ 30.02 ലക്ഷം രൂപ കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. വായ്പ കണക്കിലെ തിരിച്ചടവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><td>സ്ഥാപനം നേരിട്ട് ഒടുക്കു വരുത്തിയ തുക</td><td>2.57 ലക്ഷം രൂപ</td></tr>
<tr><td>കോംപ്രമൈസ് സെറ്റിൽമെന്റ് അടവ്</td><td>10.50 ലക്ഷം രൂപ</td></tr>
<tr><td>ജാമ്യവസ്തു ലേലം ചെയ്തു ലഭിച്ച തുക (റവന്യൂ റിക്കവറി)</td><td>30.02 ലക്ഷം രൂപ</td></tr>
<tr><td>ആകെ</td><td>43.09 ലക്ഷം രൂപ</td></tr>
</table></td></tr>
<tr><td>എഫ്.</td><td>കോംപ്രമൈസ് സെറ്റിൽമെന്റ് തുക ലഭിച്ചതിനുശേഷം ഈ വായ്പയ്ക്ക് പ്രസ്തുത സ്ഥാപനം നൽകിയ ഈടിന്റെ പ്രമാണങ്ങൾ കെ.എഫ്.സി. ഉടമയ്ക്ക് തിരികെ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് തിരികെ നൽകാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;</td><td>ഈടു നൽകിയ വസ്തുവിന്റെ പ്രമാണങ്ങൾ കെ.എഫ്.സി. ഉടമയ്ക്ക് തിരികെ നൽകിയിട്ടില്ല. കാരണം ജാമ്യക്കാരൻ ആർ.ആർ. ലേല വില്പനയ്ക്ക് എതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷനും, റിട്ട് അപ്പീലും പിൻവലിക്കണമെന്നും ആർ.ആർ. ലേല വില്പനയിലൂടെ സർക്കാരിലേയ്ക്ക് നിയമാനുസൃതം</td></tr>
</table>

| | | |
|---|---|---|
| | | ഒടുക്കുവരുത്തേണ്ട ആർ.ആർ. കമ്മീഷനും മറ്റും നൽകണമെന്നുമുള്ള നിബന്ധനകൾക്ക് വിധേയമായിട്ടാണ് സി.എസ്. ആനുകൂല്യം നൽകിയിട്ടുള്ളത്. ഇവ കക്ഷികൾ സമ്മതിച്ചിട്ടുള്ളതും എന്നാൽ സമ്മതിച്ച പ്രകാരം കക്ഷികൾ നാളിതുവരെയായി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസുകൾ പിൻവലിച്ച് നിയമാനുസൃതം സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ട ആർ.ആർ. കമ്മീഷൻ തുകയും മറ്റും നൽകിയിട്ടില്ലാത്തതുമാണ്. നിയമാനുസൃതം സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ആർ.ആർ. കമ്മീഷൻ തുക ഒടുക്കുകയും നിലവിലുള്ള കേസുകൾ പിൻവലിക്കുകയും ചെയ്യുന്ന മുറയ്ക്ക് വായ്പയ്ക്ക് നൽകിയ ഈടിന്റെ പ്രമാണങ്ങൾ ഉടമയ്ക്ക് തിരികെ നൽകുന്നതാണ്. |
| ജി. | ഈ വിഷയത്തിൽ ശ്രീമതി. അനിത ബേബിയുടെ 20.03.2017 ലെ നിവേദനത്തിൽ ധനകാര്യ വകുപ്പിലെ 137/PU-A3/2016/FIN എന്ന ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ | ടി നിവേദനം വിശദമായ റിപ്പോർട്ടിനായി കെ.എഫ്.സി.യ്ക്ക് കൈമാറിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ